**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1066 13/12/2012-ലെ മറുപടിക്ക്

## പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകളും ഹോസ്റ്റൽ പ്രവർത്തനം

ചോദ്യം

ശ്രീ. ബി.ഡി. ദേവസ്സി

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി).

എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതുതായി ഏതെല്ലാം കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്നും, അവ എന്ന് ആരംഭിക്കുവാൻ സാധിക്കും എന്നും വ്യക്തമാക്കുമോ;

എ) ചാലക്കുടി ഗവൺമെന്റ് കോളേജിൽ 2012-13 അദ്ധ്യയന വർഷത്തിൽ എം.എസ്.സ്സി മാത്തമാറ്റിക്സ്, എം.എ. പൊളിറ്റിക്കൽ സയൻസ് കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ബി) ചാലക്കുടി പി.എം.ജി കോളേജിൽ പെൺകുട്ടികളുടെ ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതടക്കമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

ബി) പെൺകുട്ടികളുടെ ഹോസ്റ്റൽ പ്രവർത്തനത്തിനായി 10 ജീവനക്കാരെ നിയമിക്കുന്നതിനുള്ള ശുപാർശ സർക്കാരിന് ലഭിക്കുകയുണ്ടായി. ഗവൺമെന്റ് കോളേജുകളിലും പോളി ടെക്നിക്കുകൾ തുടങ്ങിയവയിലെ ഹോസ്റ്റലുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ മെസ്സ് കമ്മിറ്റികൾ തന്നെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുകയും പ്രതിഫലം നൽകുകയും ചെയ്യണമെന്നതാണ് സർക്കാരിന്റെ നിലപാട്.

**സെക്ഷൻ ഓഫീസർ**